**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3760 17.10.2011 ൽ മറുപടിക്ക്

# സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നിയമലംഘനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് കുട്ടികളെ സ്കൂളിൽ കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിലവിലെ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | നിയമാനുസൃതമല്ലാതെ ഉപയോഗിക്കുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശനമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് സ്കൂളിൽ കുട്ടികളെ കൊണ്ടുപോകുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ IPC, മോട്ടോർ വെഹിക്കിൾ ആക്ട്, കെ.പി.ആക്ട് എന്നിവയനുസരിച്ച് പോലീസ് വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഇപ്രകാരമുള്ള എത്ര വാഹനങ്ങൾക്ക് നേരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | മോട്ടോർ വാഹന വകുപ്പ് .2744 വാഹനങ്ങൾ പരിശോധിച്ചു.<br>2073 സ്കൂൾ - കോളേജ് വാഹനങ്ങളും 671 സ്വകാര്യ വാഹനങ്ങളും പരിശോധിക്കുകയും നിയമലംഘനത്തിന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് 382 വാഹനഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) കുട്ടികളുടെ യാത്രാകാര്യത്തിൽ അലംഭാവം കാണിക്കുന്ന സ്കൂൾ മാനേജ്മെന്റിനെതിരെ എന്തു നടപടിയാണ് നിലവിൽ സ്വീകരിക്കുന്നത്? | (സി) | സ്കൂൾ മാനേജ്മെന്റിനെതിരെ നടപടിയെടുക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് അധികാരമില്ല. എന്നാൽ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പോലീസ് വകുപ്പ് നിയമാനുസൃതമുള്ള നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ